# ആരോഗ്യ വകുപ്പ് ഡയറക്ടറുടെ കാര്യാലയത്തിലെ
# അഡീഷണൽ ഡയറക്ടറുടെ (എ&റ്റി) നടപടിക്രമം

വിഷയം:- ആ.വ.ഡ-വിജിലൻസ് - ഇടുക്കി കെ.പി.കോളനി പ്രാഥമികാരോഗ്യ കേന്ദ്രത്തിൽ ആരോഗ്യ വകുപ്പ് അഡീഷണൽ ഡയറക്ടർ (വിജിലൻസ്) 21.06.2019-ന് നടത്തിയ മിന്നൽ പരിശോധന - അനധികൃതമായി ജോലിയിൽ നിന്നും വിട്ടുനിൽക്കുന്നത് - ശ്രീ.കെ.എസ്. പ്രസാദ്, ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ്-1 - അച്ചടക്ക നടപടിക്കും തുടർ അന്വേഷണത്തിനും വിധേയമായി ഉടൻ പ്രാബല്യത്തിൽ വരത്തക്കവണ്ണം സർവ്വീസിൽ നിന്നും സസ്പെന്റ് ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം:- ആരോഗ്യ വകുപ്പ് അഡീഷണൽ ഡയറക്ടർ (വിജിലൻസ്) 21.06.2019-ന് നടത്തിയ മിന്നൽ പരിശോധനാ റിപ്പോർട്ട്.

**ഉത്തരവ് നം. ഇ.സി.1-46248/2019/ആ.വ.ഡ., തീയതി: 28/06/2019**

ആരോഗ്യ വകുപ്പ് അഡീഷണൽ ഡയറക്ടർ (വിജിലൻസ്)-ന്റെ നേതൃത്വത്തിൽ ഇടുക്കി കെ.പി.കോളനി പ്രാഥമികാരോഗ്യ കേന്ദ്രത്തിൽ 21.06.2019-ന് പരിശോധന നടത്തുകയുണ്ടായി. പ്രസ്തുത അന്വേഷണത്തിൽ ടി സ്ഥാപനത്തിലെ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ്-1 ആയ ശ്രീ.കെ.എസ്. പ്രസാദ് 10.06.2019-ൽ ടി സ്ഥാപനത്തിൽ ജോലിയിൽ പ്രവേശിച്ചു എങ്കിലും 11.06.2019 മുതൽ ടിയാൻ അനധികൃതാവധിയിലാണെന്ന് പരിശോധനയിൽ ബോദ്ധ്യപ്പെട്ടു. മലയോര ജില്ലയായ ഇടുക്കിയിൽ ആരോഗ്യ വകുപ്പിന്റെ ഫീൽഡ് പ്രവർത്തനം ശക്തമാക്കുന്നതിനായി നിയോഗിച്ചിട്ടുള്ള വിഭാഗത്തിലെ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഡ്യൂട്ടിയിൽ നിന്നും അനധികൃതമായി വിട്ടുനിൽക്കുന്നത് ഗുരുതരമായ അച്ചടക്ക ലംഘനവും, മേലധികാരികളെ ധിക്കരിക്കലും, ഔദ്യോഗിക സ്വഭാവദൂഷ്യവും സർക്കാർ ജീവനക്കാരുടെ പെരുമാറ്റ ചട്ടലംഘനവും കടുത്ത ശിക്ഷ അർഹിക്കുന്ന കുറ്റവുമാണ്.

മേൽ സാഹചര്യത്തിൽ ഇടുക്കി കെ.പി.കോളനി പ്രാഥമികാരോഗ്യ കേന്ദ്രത്തിലെ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ്-1 ആയ ശ്രീ.കെ.എസ്. പ്രസാദിനെ 1960-ലെ കെ.സി.എസ്. (സി.സി.&എ.) ചട്ടം 10 പ്രകാരം തുടരന്വേഷണത്തിനും അച്ചടക്ക നടപടിക്കും വിധേയമായി ഉടൻ പ്രാബല്യത്തിൽ വരത്തക്കവണ്ണം സർവ്വീസിൽ നിന്നും സസ്പെന്റ് ചെയ്തുകൊണ്ട് ഇതിനാൽ ഉത്തരവാകുന്നു.

പ്രസ്തുത ജീവനക്കാരന് കെ.എസ്.ആർ. ചട്ടം 55 പ്രകാരം ഉപജീവനബത്തയ്ക്ക് അർഹത ഉണ്ടായിരിക്കുന്നതാണ്.

ഡോ.സെമീറ.എ.,
അഡീഷണൽ ഡയറക്ടർ (എ&റ്റി)

സ്വീകർത്താവ്:-

ശ്രീ.കെ.എസ്. പ്രസാദ്,
ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ്-1,
പി.എച്ച്.സി. കെ.പി.കോളനി, ഇടുക്കി.
(ഇടുക്കി ജില്ലാ മെഡിക്കൽ ആഫീസർ (ആരോഗ്യം) മുഖാന്തിരം)

പകർപ്പ് :-

1) ജില്ലാ മെഡിക്കൽ ആഫീസർ (ആരോഗ്യം), ഇടുക്കി - ഉത്തരവിന്റെ മൂന്ന് പകർപ്പ് ഇതോടൊപ്പം അയയ്ക്കുന്നു. രണ്ട് പകർപ്പ് ശ്രീ.കെ.എസ്.പ്രസാദിന് നൽകി തീയതിയോടുകൂടിയ കൈയൊപ്പ് സഹിതം ഒരു പകർപ്പ് തിരിച്ചയച്ചുതരേണ്ടതാണ്.
2) മെഡിക്കൽ ആഫീസർ ഇൻ ചാർജ്ജ്, പി.എച്ച്.സി. കെ.പി.കോളനി, ഇടുക്കി.
3) ഫയൽ/ സ്റ്റോക്ക് ഫയൽ.